**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2638** **24-06-2024 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2022-23, 2023-24 വർഷങ്ങളിൽ കുന്നത്തുനാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | 2022-23 കാലയളവിൽ കുന്നത്തുനാട് മണ്ഡലത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ കെ എസ് ഇ ബി എൽ വിതരണ വിഭാഗം നടപ്പിലാക്കി.<br><br>ഇലക്ട്രിക്കൽ ഡിവിഷൻ പെരുമ്പാവൂർ<br><br>കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കിഴക്കമ്പലം, പട്ടിമറ്റം, വാഴക്കുളം, എടത്തല, വെങ്ങോല എന്നീ സെക്ഷനുകളുടെ പരിധിയിലായി 2022-23 കാലയളവിൽ പുതിയ 11 kV ലൈനുകളുടെ നിർമാണം, പുതിയ LT ലൈനുകളുടെ നിർമാണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പഴയ കണ്ടക്ടറുകൾ മാറ്റി ACSR, എബിസി, UG, Covered conductor സ്ഥാപിക്കൽ എന്നിവയ്ക്കായി 1,06,62,000/- രൂപയുടെ ദ്യുതി 2.0 പദ്ധതികൾ നടപ്പിലാക്കി.<br><br>ഇലക്ട്രിക്കൽ ഡിവിഷൻ മൂവാറ്റുപുഴ<br><br>കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മൂവാറ്റുപുഴ ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ദ്യുതി പദ്ധതിയിൽ LT 3 Phase OH ലൈനിന്റെ റീ റൂട്ടിംഗ്, 11 kV ഫീഡറിന്റെ റീ റൂട്ടിംഗ്, പോസ്റ്റ് ഇൻസെർഷൻ എന്നീ പ്രവൃത്തികൾക്കായി 2022-23 കാലയളവിൽ 59,27,031/- രൂപ ചെലവഴിച്ചു.<br><br>കൂടാതെ എറണാകുളം സർക്കിളിനു കീഴിലെ തൃപ്പൂണിത്തുറ ഇലക്ട്രിക്കൽ ഡിവിഷന് കീഴിലുള്ള കുന്നത്തുനാട് മണ്ഡലത്തിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ 2022-23 കാലയളവിൽ ദ്യുതി പദ്ധതിയിലായി പുതിയ LT ലൈനുകളുടെ നിർമാണം, പുതിയ 11 kV ലൈനുകളുടെ നിർമാണം, ABC, Covered Conductor ഇവ ഉപയോഗിച്ചുള്ള Reconductoring പുതിയ HT/LT ലൈൻ നിർമാണം, |

പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ തുടങ്ങിയ പ്രവർത്തികൾക്ക് 2,11,48,368/- രൂപ ചെലവഴിച്ചിട്ടുണ്ട്

2023-24 കാലയളവിൽ കുന്നത്തുനാട് മണ്ഡലത്തിൽ കെ എസ് ഇ ബി എൽ വിതരണ വിഭാഗം താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി.

ഇലക്ട്രിക്കൽ ഡിവിഷൻ പെരുമ്പാവൂർ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ 2023-24 കാലയളവിൽ, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പുതിയ 11 kV ലൈനുകളുടെ നിർമാണം, പുതിയ LT ലൈനുകളുടെ നിർമാണം എന്നിവയ്ക്കായി 41,46,000/- രൂപയുടെ ദ്യുതി 2.0 പദ്ധതികൾ നടപ്പിലാക്കി

ഇലക്ട്രിക്കൽ ഡിവിഷൻ മൂവാറ്റുപുഴ

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മൂവാറ്റുപുഴ ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി LT OH Line Conversion ജോലികൾക്കായി 58197/- രൂപയുടെ പ്രവൃത്തികൾ ചെയ്തു.

എറണാകുളം സർക്കിളിനു കീഴിൽ കുന്നത്തുനാട് മണ്ഡലത്തിന്റെ പരിധിയിൽ 2023-24 കാലയളവിൽ ദ്യുതി പദ്ധതിയിലായി പുതിയ LT ലൈനുകളുടെ നിർമാണം, നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കൽ, പുതിയ DP സ്ട്രക്ച്ചർ, പുതിയ AB സ്വിച്ച് സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികൾക്ക് 70,10,624/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ കുന്നത്തുനാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് തനത് ഫണ്ട് ഉപയോഗിച്ച് 2.75 MWP ഗ്രൗണ്ട് മൗണ്ടഡ് സോളാർ നിലയങ്ങൾ ബ്രഹ്മപുരം 220 KV സബ്സ്റ്റേഷനിൽ സ്ഥാപിച്ചു . ടി പ്രവൃത്തിക്ക് 15.76 കോടി രൂപ ചെലവ് വന്നു. ടി പദ്ധതി 13.02.2023-ൽ പൂർത്തീകരിച്ചു. കൂടാതെ സൗര ഫേസ് 1 പദ്ധതിയുടെ കീഴിൽ 86 kW സ്ഥാപിത ശേഷിയിൽ 2 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 36,46,720/- രൂപ വിനിയോഗിച്ചിട്ടുണ്ട്. 2022-2023-ൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി 1,67,340/- രൂപ ചെലവാക്കി ആറ് (6) പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 2023-24 വർഷം ഈ ഇനത്തിലുള്ള പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| | | | പ്രസരണ വിഭാഗത്തിൽ 2022-2023 സാമ്പത്തിക വർഷത്തിൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പെരുമ്പാവൂർ സബ്സ്റ്റേഷനും റയോൺപുരം സബ്സ്റ്റേഷനും തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് 33 കെ.വി. ഭൂഗർഭ കേബിളിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ആയതിലേയ്ക്ക് 2.13 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രസരണ വിഭാഗത്തിൽ 2023-24 സാമ്പത്തിക വർഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും വകയിരുത്തിയ തുകയുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>(1) കിഴക്കമ്പലം 110കെ.വി. സബ്സ്റ്റേഷനിൽ പഴയ രണ്ട് 11 കെ.വി. 10 പാനൽ സെറ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 1.40 കോടി രൂപ<br><br>(2) പുത്തൻകുരിശ് 66 കെ.വി. സബ്സ്റ്റേഷനിൽ പഴയ 11 കെ.വി. 10 പാനൽ സെറ്റുകൾ (2 എണ്ണം) മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 1.80 കോടി രൂപ<br><br>(3) പെരുമ്പാവൂർ സബ്സ്റ്റേഷനിൽ 110/11 കെ.വി 12.5 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി - 2.42 കോടി രൂപ.<br><br>അനെർട്ട് മുഖേന 2022-2023 സാമ്പത്തികവർഷം കുന്നത്തുനാട് മണ്ഡലത്തിൽ ശ്രീ.ജോയ് എ ജെ എന്ന വ്യക്തിക്ക് 30 kW ന്റെ പബ്ലിക് ഇ.വി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചതിന് 1,50,000/- രൂപ സബ്സിഡി ആയി അനുവദിച്ചിരുന്നു. എറണാകുളം ജില്ലയിൽ പി.എം. കുസും വഴി കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണം നടത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി എറണാകുളം ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള തുക 796.5 ലക്ഷം രൂപയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | കെ എസ് ഇ ബി എൽ പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷന് കീഴിലും മൂവാറ്റുപുഴ ഇലക്ട്രിക്കൽ ഡിവിഷന് കീഴിലും എറണാകുളം സർക്കിളിന് കീഴിലുമുള്ള പ്രദേശങ്ങളിൽ വിതരണ വിഭാഗത്തിൽ മുകളിൽ പറഞ്ഞ ജോലികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ബ്രഹ്മപുരം പ്ലാന്റിന്റെ **O & M** വർക്കുകൾ നടപ്പിലാക്കി വരുന്നു**.**<br><br>പ്രസരണ വിഭാഗത്തിലെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി താഴെ ചേർക്കുന്നു<br><br>1. കിഴക്കമ്പലം 110 കെവി സബ്സ്റ്റേഷനിൽ പഴയ രണ്ട് 11 കെവി 10 പാനൽ സെറ്റുകൾ |

| | | | |
|---|---|---|---|
| | | | മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയിൽ ഒരെണ്ണം പൂർത്തീകരിക്കുകയും രണ്ടാമത്തേത് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു.<br>2. പുത്തൻകുരിശ് 66 കെവി സബ്സ്റ്റേഷനിൽ പഴയ 11 കെ.വി. 10 പാനൽ സെറ്റുകൾ (2 എണ്ണം) മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.<br>3. പെരുമ്പാവൂർ 110 കെ.വി. സബ്സ്റ്റേഷനിൽ 110/11 കെ.വി. 12.5 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.<br>4. അനെർട്ട് വഴി നടപ്പിലാക്കുന്ന പിഎം കുസും പദ്ധതിയിൽ കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണം നടത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | 2024-25 വർഷത്തിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | <u>കെ എസ് ഇ ബി എൽ വിതരണ വിഭാഗം മുഖേന നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ</u><br><br><u>ഇലക്ട്രിക്കൽ ഡിവിഷൻ പെരുമ്പാവൂർ</u><br><br><u>1.) പദ്ധതി : ദ്യുതി 2.0</u><br><br>ജോലികൾ : 2024-25 കാലയളവിൽ പുതിയ 11 kV ലൈനുകളുടെ നിർമാണം, പുതിയ LT ലൈനുകളുടെ നിർമാണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പഴയ കണ്ടക്ടറുകൾ മാറ്റി ACSR, എബിസി, UG, Covered conductor സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>അനുവദിച്ചിരിക്കുന്ന തുക : 636.91 ലക്ഷം രൂപ<br><br><u>2.) പദ്ധതി : RDSS</u><br><br>ജോലികൾ : 2024-25 കാലയളവിൽ പുതിയ 11kV ലൈനുകളുടെ നിർമാണം, പുതിയ LT ലൈനുകളുടെ നിർമാണം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, പഴയ കണ്ടക്ടറുകൾ മാറ്റി ACSR, എബിസി, UG, Covered conductor സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. (പ്രവൃത്തികൾ ടെൻഡറിംഗ് സ്റ്റേജിലാണ്)<br><br>അനുവദിച്ചിരിക്കുന്ന തുക : 103.43 ലക്ഷം രൂപ<br><br><u>ഇലക്ട്രിക്കൽ ഡിവിഷൻ മൂവാറ്റുപുഴ</u><br><br><u>പദ്ധതി ദ്യുതി 2.0</u> |

| | | | |
|---|---|---|---|
| | | | ജോലികൾ : 2024-25 കാലയളവിൽ LT Re conductoring ജോലികൾ, 11 kV feeder റീ റൂട്ടിംഗ് ജോലികൾ, പുതിയ 11 kV ലൈനുകളുടെ നിർമാണം, LT 3 phase line Re conductoring ജോലികൾ, പുതിയ LT ലൈനുകളുടെ നിർമാണം, പുതിയ എബിസി, ലൈനുകളുടെ നിർമാണം തുടങ്ങി 94,48,068/- രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ എറണാകുളം സർക്കിളിനു കീഴിലെ തൃപ്പൂണിത്തുറ ഇലക്ട്രിക്കൽ ഡിവിഷന് കീഴിലുള്ള കുന്നത്തുനാട് മണ്ഡലത്തിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ 2024-25 കാലയളവിലേക്കായി ദ്യുതി പദ്ധതിയിലായി പുതിയ 11 kV ലൈനുകളുടെ നിർമാണം പുതിയ LT ലൈനുകളുടെ നിർമാണം, ABC ഉപയോഗിച്ചുള്ള പുതിയ LT 11 kV ലൈനുകളുടെ നിർമാണം, ABC, Covered Conductor ഇവ ഉപയോഗിച്ചുള്ള Reconductoring, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ തുടങ്ങിയ വകയിൽ **4,18,56,557.18** രൂപയുടെ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>പ്രസരണ വിഭാഗത്തിൽ 2024-2025 സാമ്പത്തിക വർഷത്തിൽ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>System improvement-ന്റെ ഭാഗമായി 220 കെ.വി. സബ്സ്റ്റേഷൻ ബ്രഹ്മപുരത്ത് 220/110 കെ.വി. 200 എം.വി.എ ട്രാൻസ്ഫോർമർ (ഒരെണ്ണം) സ്ഥാപിക്കുന്ന പ്രവൃത്തി.<br><br>System improvement-ന്റെ ഭാഗമായി 66 കെ.വി. അമ്പലമുകൾ സബ് സ്റ്റേഷന്റെ നിർമ്മാണം.<br><br>പെരുമ്പാവൂർ 110 കെ.വി. സബ്സ്റ്റേഷന്റെ നവീകരണവുമായി ബന്ധപ്പെട്ട് രണ്ട് 110 കെ.വി. ഫീഡർ ബേയുടെ നിർമ്മാണം, 110/11 കെ.വി. 20 എം.വി.എ. ട്രാൻസ്ഫോർമർ, 110/33 കെ.വി. 25 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>അനെർട്ടിൽ സൗരോർജ്ജ പ്ലാന്റിനായി പുതിയ അപേക്ഷകൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല. പിഎം കുസും പദ്ധതി വഴി കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണം നടത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ